ആചാര്യ വിനോബാ ഭാവെ ജയന്തി ആഘോഷം

തിരുവനന്തപുരം: ആചാര്യ വിനോബാ ഭാവെയുടെ 132-ാം ജയന്തി സമ്മേളനം വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഗാന്ധിഭവനിൽ നടത്തി. ഗാന്ധി സ്മാരകനിധി ചെയർമാൻ ഡോ. എൻ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പി. ഗോപിനാഥൻ നായർ ഉദ്ഘാടനം ചെയ്തു. അഡ്വ. കെ. അയ്യപ്പൻപിള്ള, ഡോ. ശാന്താ സദാശിവൻ, ഡോ. ഡി. മായ, ജി. സദാനന്ദൻ, കാട്ടായിക്കോണം ശശിധരൻ, ജി. ശ്രീകുമാർ, രുക്മിണി രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

പൂർവ വിദ്യാർത്ഥി സംഗമം

കല്ലറ: കല്ലറ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ 1996 എസ്.എസ്.എൽ.സി ബാച്ചിന്റെ പൂർവ വിദ്യാർത്ഥി സംഗമം 17ന് രാവിലെ 9 മുതൽ സ്കൂൾ അങ്കണത്തിൽ നടക്കും. സംഗമത്തിൽ ബാച്ചിലെ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് പൂർവ വിദ്യാർത്ഥി അസോസിയേഷനായ എവർഗ്രീൻ 1996 ന്റെ ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9744157967, 7510596979.

കേരളോത്സവം

പോത്തൻകോട്: ഗ്രാമ പഞ്ചായത്ത് കേരളോത്സവം 16, 17 തീയതികളിൽ നടക്കും. കായിക മത്സരങ്ങൾ വേങ്ങോട് പി.എച്ച്.സി ഗ്രൗണ്ടിലും, കരുർ എൽ.വി.എച്ച്.എസിലും നടക്കും. നീന്തൽ മത്സരങ്ങൾ മഞ്ഞമല വേട്ടംപള്ളിക്കോണം നീന്തൽ പരിശീലന കേന്ദ്രത്തിലും നടക്കും. 17 ന് പോത്തൻകോട് യു.പി.എസിൽ കലാമത്സരങ്ങൾ അരങ്ങേറും.

ലൈഫ് പദ്ധതി: കരട് പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം : ലൈഫ് പദ്ധതി പ്രകാരം ഭവനരഹിതരുടെയും ഭൂരഹിതരുടെയും ആദ്യഘട്ട പട്ടിക നഗരസഭ പ്രസിദ്ധീകരിച്ചു.

പട്ടികയിൽ ആക്ഷേപമുള്ളവർക്ക് പുതുതായി ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഈ മാസം 16ന് മുൻപായി ജില്ലാ കളക്ടറുടെ മുൻപാകെ അപേക്ഷ സമർപ്പിക്കാമെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

തപാൽ അദാലത്ത്

തിരുവനന്തപുരം: തിരുവനന്തപുരം സൗത്ത് ഡിവിഷൻ ഓഫീസിൽ 25ന് തപാൽ അദാലത്ത്. പരാതികൾ 15നകം ബി. പത്മകുമാർ, സൂപ്രണ്ട് ഒഫ് പോസ്റ്റ് ഓഫീസസ്, തിരുവനന്തപുരം സൗത്ത് ഡിവിഷൻ, തിരുവനന്തപുരം -36 എന്ന വിലാസത്തിൽ അയയ്ക്കണം.

കസ്റ്റമർ കെയർ സെന്ററിലോ, ഡിവിഷൻ തലത്തിലോ പരിഹരിക്കപ്പെടാത്ത പരാതികളാണ് അദാലത്തിന് അയയ്ക്കേണ്ടത്.

ആദിവാസിമേഖലയിൽ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും: മന്ത്രി എ.കെ.ബാലൻ

കെ.മണിലാൽ

വിതുര:വിതുരപഞ്ചായത്തിലെ പേപ്പാറ വാർഡിലെ പൊടിയക്കാല ആദിവാസിമേഖലയിൽ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമെന്ന് മന്ത്രി എ.കെ.ബാലൻ പറഞ്ഞു.

പൊടിയക്കാലയിൽ നടന്ന പട്ടികവർഗവികസനവകുപ്പിന്റെ തദ്ദേശീയജനതയുടെ അവകാശപ്രഖ്യാപനത്തിന്റെ പത്താം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പേപ്പാറ ഡാം നിർമ്മിക്കുന്നതിനായി കുടിയിറക്കപ്പെട്ടകുടുംബങ്ങളാണ്പൊടിയക്കാലയിൽ അധിവസിക്കുന്നത്. കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ളസർക്കാർവാഗ്ദാനങ്ങളിൽഭൂരിഭാഗവും കടലാസിലൊതുങ്ങി. റോഡിനും കുടിവെള്ളത്തിനും ആനശല്യത്തിനെതിരെയും ഇവർ നിരവധി സമരങ്ങൾ നടത്തിയിരുന്നു. വിതുരയിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളും നാട്ടുകാരും നിരവധി തവണ കാട്ടാനയുടെ ആക്രമണത്തിന് ഇരയായി.

ഇതിൽ സഹികെട്ട്തിരഞ്ഞെടുപ്പുബഹിഷ്കരിച്ചു. പൊടിയക്കാല നിവാസികളുടെ ദുരിതകഥ കേരളകൗമുദി നേരത്തെ പ്രസിദ്ധീകരിച്ചിരുന്നു. കെ.എസ്.ശബരീനാഥൻ എം.എൽ.എയാണ്വിഷയം മന്ത്രിയുടെശ്രദ്ധയിൽപ്പെടുത്തിയത്. റോഡ്, കുടിവെള്ള പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാനാണ് അടിയന്തര നിർദേശം. മറ്റ് പ്രശ്നങ്ങൾ വനംവകുപ്പുമായി ആലോചിച്ച് ഘട്ടംഘട്ടമായി പരിഹാരം കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ പ്രഖ്യാപനത്തെ കരഘോഷത്തോടെയാണ് ആദിവാസികൾ സ്വീകരിച്ചത്.

പൊടിയക്കാലയിൽ നടന്ന തദ്ദേശീയജനതയുടെ അവകാശദിനാചരണത്തിൻറെ പത്താം വാർഷികാഘോഷം മന്ത്രി എ.കെ. ബാലൻ നിർവഹിക്കുന്നു. കെ.എസ്.ശബരീനാഥൻ എം.എൽ.എ സമീപം.

പൊടിയക്കാലയുടെ വലിയ ആനപ്പേടി

കെ.മണിലാൽ

നക്ഷത്രയത്തിളുപ്രതേളും ജീവനുകൾ

ജനുവരി 7ന് കേരളകൗമുദി പ്രസിദ്ധീകരിച്ച വാർത്ത

KAUMUDI IMPACT

സൗത്ത് സോൺ സഹോദയ അത്‌ലറ്റിക് മീറ്റ്

തിരുവനന്തപുരം : തിരുവനന്തപുരം, കൊല്ലം റീജിയണിലെ സി.ബി.എസ്.ഇ സ്കൂളുകളുടെ കൂട്ടായ്മയായ സൗത്ത് സോൺ സഹോദയയുടെ ഈ വർഷത്തെ അത്‌ലറ്റിക് മീറ്റ് 15, 16 തീയതികളിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുമെന്ന് പ്രസിഡന്റ് എസ്. ജ്യോതിസ് ചന്ദ്രൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കവടിയാർ ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂളിൽ 15ന്രാവിലെ8.30ന്എ. ഡി.ജി.പിബി. സന്ധ്യഉദ്ഘാടനം ചെയ്യും. ഫാ. സെബാസ്റ്റ്യൻ ചാമത്തറ (സി.എം.ഐ സഭ തിരുവനന്തപുരം സെന്റ് ജോസഫ് പ്രോവിൻസ്) അദ്ധ്യക്ഷത വഹിക്കും. 40 സ്കൂളുകളിൽ നിന്നായിമൂവായിരം കുട്ടികൾ പങ്കെടുക്കും. ഈ വർഷത്തെ മീറ്റ് ഏറ്റെടുത്ത് നടത്തുന്നത് കവടിയാർ ക്രൈസ്റ്റ് നഗർ സ്കൂളാണ്. ഫാ. ജോസഫ് സെബാസ്റ്റ്യനും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഹോട്ടലുടമകളുടെ സെക്രട്ടേറിയേറ്റ് മാർച്ച്

തിരുവനന്തപുരം: വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് മാർച്ചും ഉപവാസ സമരവും നടത്തി.

ഹോട്ടൽഭക്ഷണത്തിന് ഏർപ്പെടുത്തിയ ജി.എസ്.ടി. പിൻവലിക്കുക, മാലിന്യസംസ്കരണ സംവിധാനത്തിന്റെ പേരുപറഞ്ഞ് ഹോട്ടലുകൾ അടച്ചുപൂട്ടിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, ഹോട്ടലുകളെ ചെറുകിട വ്യവസായമായി അംഗീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നടന്ന മാർച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് മൊയ്തീൻകുട്ടി ഹാജി, ജനറൽ സെക്രട്ടറി ജി. ജയപാൽ, രക്ഷാധികാരി ജി. സുധീഷ് കുമാർ, വർക്കിംഗ് പ്രസിഡന്റുമാരായ പ്രസാദ് ആനന്ദഭവൻ, ജി.കെ. പ്രകാശ്, ട്രഷറർ കെ.പി. ബാലകൃഷ്ണ പൊതുവാൾ എന്നിവർ ഉപവാസം അനുഷ്ഠിച്ചു.

പാറശാല രൂപത ഉദ്ഘാടനവും മാർ യൗസേബിയോസ് മെത്രാപൊലീത്തയുടെ സ്ഥാനാരോഹണവും 23 ന്

തിരുവനന്തപുരം: മലങ്കര കത്തോലിക്കാസഭയിൽ പുതുതായി രൂപീകരിച്ച പാറശാല രൂപതയുടെ ഉദ്ഘാടനവും ആദ്യ മെത്രാപൊലീത്തയായി തോമസ് മാർ യൗസേബിയോസിന്റെ സ്ഥാനാരോഹണവും 23 ന് ഉച്ചയ്ക്ക് 2 ന് ബാലരാമപുരം നസ്രത്ത് ഹോം സ്കൂൾ ഗ്രൗണ്ടിൽ നടക്കും.

കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യകാർമ്മികത്വം വഹിക്കും. അന്ത്യോഖ്യാ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവാ മുഖ്യാതിഥിയായിരിക്കും. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ജാംബത്തിസ്റ്റദിക്വാത്രോ വചനസന്ദേശം നൽകും. ഇതോടനുബന്ധിച്ച്നടക്കുന്ന പൊതുസമ്മേളനം സുപ്രീംകോടതി ജഡ്ജി കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യും. കൽക്കട്ടയിലെ വിശുദ്ധ മദർ തെരേസയുടെ പിൻഗാമി മിഷണറീസ് ഓഫ് ചാരിറ്റി സുപ്പീരിയർ ജനറൽ മദർ പ്രേമമുഖ്യസന്ദേശം നൽകും. കതോലിക്കാ ബാവ അദ്ധ്യക്ഷത്യ വഹിക്കും. കെ.സി.ബി.സി അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് സൂസപാക്യം, ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, നെയ്യാറ്റിൻകര ബിഷപ്പ് വിൻസന്റ് സാമുവൽ, സി.എസ്.ഐ ബിഷപ്പ് ധർമ്മരാജ് റസാലം തുടങ്ങിയവർ അനുഗ്രഹസന്ദേശം നൽകും. ബിഷപ്പ് സാമുവേൽ മാർ ഐറേനിയോസ്, ഇമാം പാച്ചല്ലൂർ അബ്ദുൽ സലിം മൗലവി, എം.എൽ.എമാരായ ഒ. രാജഗോപാൽ, ഐ.ബി. സതീഷ്, എം. വിൻസന്റ്, മദർ ലിഡിയാ ഡി.എം.പി. പൗലോസ് തുടങ്ങിയവർ സംസാരിക്കും. വിശുദ്ധ മദർ തെരേസ മദ്ധ്യസ്ഥയായുള്ള രാജ്യത്തെ ആദ്യരൂപതയാണ് പാറശാലയെന്ന് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അമേരിക്കയിൽ ബിഷപ്പായി സേവനമനുഷ്ഠിക്കുകയായിരുന്ന തോമസ് മാർ യൗസേബിയോസാണ് പുതിയ രൂപതയിലെ മെത്രാപ്പൊലീത്ത. പാറശാല സെന്റ് മേരീസ് ദൈവാലയമാണ് രൂപതയുടെ കത്തീഡ്രൽ. തിരുവനന്തപുരം അതിരൂപതയിലുണ്ടായിരുന്ന രണ്ട് ഇടവകകളും പാറശാല, നെയ്യാറ്റിൻകര എന്നിവിടങ്ങളിലെ 103 ഇടവകകളും 11 വൈദികമന്ദിരങ്ങളും 23 സന്യാസഭവനങ്ങളും ഒരു കോളേജും 12 എയ്ഡഡ് സ്കൂളുകളും 59 മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും 5 ജീവകാരുണ്യ കേന്ദ്രങ്ങളും പുതിയ രൂപതയിലാകും.

പുനർജ്ജനി ക്യാമ്പ് സമാപിച്ചു

തിരുവനന്തപുരം : തിരുവല്ലം എം.ജി കോളേജ് ഒഫ് എൻജിനിയറിംഗിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന പുനർജ്ജനി ക്യാമ്പ് സമാപിച്ചു. സമാപന പരിപാടിയുടെ ഉദ്ഘാടനം മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചു. എൻ.സി.സി കേഡറ്റുകളുടെ പ്രവർത്തനം സമൂഹത്തിൽ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. എം.എൽ.എമാരായ വി.എസ്. ശിവകുമാർ, കെ. മുരളീധരൻ എന്നിവർ സമാപന ചടങ്ങിൽ പങ്കെടുത്തു. ക്യാമ്പിന്റെ ഭാഗമായി ജനറൽ ആശുപത്രിയിൽ ഒരാഴ്ച നീണ്ടുനിന്ന സേവന പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികൾ നടത്തിയത്. ആശുപത്രിയിൽ തകരാറിലായിരുന്ന ബയോമെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചർ, മറ്റ് അവശ്യവസ്തുക്കൾ എന്നിവ അറ്റകുറ്റപണികൾചെയ്ത്പ്രവർത്തനക്ഷമമാക്കി. ആശുപത്രിയിലെ ചില വാർഡുകൾ വിദ്യാർത്ഥികൾ പെയിന്റു ചെയ്തു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും എൻ.എസ്.എസ് സെല്ലിന്റെയും 'പുനർജ്ജനി' പദ്ധതിയുടെ ഭാഗയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമൺ പ്രവർത്തനം ആരംഭിച്ചു

ഉള്ളൂർ: സ്ത്രീ ശാക്തീകരണ പരിപാടികളുടെ ഏകോപനമില്ലായ്മ കാരണം പദ്ധതികൾ നേരിട്ട വെല്ലുവിളികൾക്കുള്ള പരിഹാരമായി സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമൺ പദ്ധതി മാറട്ടെയെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു.

സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമൺ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കുടുംബശ്രീ കേരള സാമൂഹ്യനീതിവകുപ്പിന്റെ സഹകരണത്തോടെയാണ് സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമണിന്റെ പ്രവർത്തനം. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഫോർ വുമണാണ് പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

സ്ത്രീകളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം പ്രാദേശിക വികസനപ്രക്രിയയിലും ഭരണനിർവഹണത്തിലും പ്രാതിനിധ്യം ഉറപ്പാക്കുകയാണ് സെന്ററിന്റെ പ്രധാന ലക്ഷ്യം. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, പ്ലാനിംഗ് ബോർഡ് മെമ്പർ മൃദുൽ ഈഷൻ, ഹരിത കേരളം മിഷൻ ഉപാദ്ധ്യക്ഷ ഡോ. ടി.എൻ. സീമ, ജെൻഡർ അഡ്വൈസർ ടി.കെ. ആനന്ദി, കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ സി.എസ്. സുജാത, വി.എസ്. അമൃത, പ്രമോദ് കെ.വി, ബിനു ഫ്രാൻസിസ്, സോയ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമണിന്റെ പ്രവർത്തനോദ്ഘാടനം മന്ത്രി കെ.കെ. ശൈലജ നിർവഹിക്കുന്നു

പുലിമുട്ടുകൾ നിർമ്മിക്കില്ലെന്ന് മന്ത്രിയുടെ ഉറപ്പ്

തിരുവനന്തപുരം: വേളി പൊഴിയിൽ പുലിമുട്ടുനിർമാണം ഒരുകാരണവശാലും നടത്തില്ലെന്ന് ഫിഷറീസ് വകുപ്പുമന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മ കോസ്റ്റൽവാച്ചിന്റെ പ്രതിനിധി സംഘത്തിന് ഉറപ്പുനൽകി. ജില്ലയിലെ മാലിന്യക്കുമ്പാരം മുഴുവൻ വേളിപൊഴിയിലൂടെ സ്ഥിരമായി കടലിലേക്കു തള്ളാനുള്ള ഹാർബർ എൻജിനിയറിംഗ് വകുപ്പിന്റെ നീക്കത്തെ കോസ്റ്റൽവാച്ച് അപലപിച്ചിരുന്നു.

ഇതു സംബന്ധിച്ച് മന്ത്രിയുടെ ഓഫീസിൽ നടത്തിയ കൂടിക്കാഴ്ചയിൽ കോസ്റ്റൽവാച്ച് നൽകിയ നിവേദനത്തിനുമറുപടിയായിട്ടാണ് മന്ത്രി ഈ ഉറപ്പ് നൽകിയത്. വേളിയിലെ പുലിമുട്ടിനെതിരെ ഫ്രണ്ട്സ് ഒഫ് മറൈൻ ലൈഫും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു.

ഈടു നൽകിയ വസ്തു വിലയാധാരമായി

■ കേസ് വനിതാ കമ്മിഷനിൽ

തിരുവനന്തപുരം: നാലു ലക്ഷം രൂപ വായ്പ നൽകിയതിന് ഈടായി നൽകിയ വസ്തു പതിനേഴര ലക്ഷം രൂപയ്ക്ക് വിലയാധാരമാക്കി രേഖയുണ്ടാക്കിയ കേസ് വനിതാ കമ്മിഷന് മുന്നിലെത്തി. വായ്പക്കാരി പോലും അറിയാത്ത ആളുടെ പേരിലേക്കാണ് വസ്തു കൈമാറ്റം ചെയ്തത്. പണം നൽകിയവരാകട്ടെ നാലു ലക്ഷമല്ല, പതിനേഴര ലക്ഷവും നൽകിയെന്ന് വാദിച്ചു.

പരാതിക്കാരിയുടെ മകനാണത്രേ തുക കൈപ്പറ്റിയത്. ഉടമ അറിയാതെ വസ്തു കൈമാറ്റം ചെയ്തതിനാൽ പ്രമാണം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കും മുമ്പ് മകന്റെ കൂടി മൊഴിയെടുക്കാൻ കമ്മിഷൻ തീരുമാനിച്ചു.

ഇന്നലെ കമ്മിഷൻ ആസ്ഥാനത്ത് നടന്ന അദാലത്തിൽ നൂറ് കേസുകളാണ് പരിഗണിച്ചത്. അദാലത്തിന് കമ്മിഷൻ അംഗം എം.എസ്. താര, ഡയറക്ടർ വി.യു. കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി. 37 കേസുകൾക്ക് തീർപ്പാക്കി. 53 കേസുകൾ അടുത്ത അദാലത്തിലേക്ക് മാറ്റിവച്ചു. ആറു കേസുകളിൽ വിവിധ വകുപ്പുകളിൽ റിപ്പോർട്ട് തേടി.

നാലുകേസുകളിൽ കക്ഷികൾക്ക് കൗൺസലിംഗ് നൽകും. അദാലത്ത് ഇന്നും തുടരും. രാവിലെ പത്തിന് തൈക്കാട് റസ്റ്റ് ഹൗസിൽ ആരംഭിക്കുന്ന അദാലത്തിന് ചെയർപേഴ്സൺ എം.സി. ജോസഫൈൻ നേതൃത്വം നൽകും.

നാഷണൽ സർവീസ് സ്കീം ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പുനർജനി സേവനപരിപാടിയുടെ ഭാഗമായി തിരുവല്ലം എം.ജി കോളേജ് ഒഫ് എൻജിനിയറിംഗിലെ എൻ.എസ്.എസ് വോളന്റിയർമാർ ജനറൽ ആശുപത്രിയിലെ കേടുപാടുകൾ വന്ന ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതുൾപ്പെടെയുള്ള സേവനപ്രവർത്തനങ്ങളുടെ സമാപന പൊതുയോഗം ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. എം.എൽ.എമാരായ കെ. മുരളീധരൻ, വി.എസ്. ശിവകുമാർ എന്നിവർ സമീപം

സിനിമ

ന്യൂ (2323244) :: ■ screen 1 - വെളിപാടിന്റെപുസ്തകം (M - 11.00, 2.00, 5.45, 9.15)
■ screen 2 - ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.30, 2.30, 6.05, 9.30)
■ screen 3 - **ADAM JOAN** (M - 11.00, 2.15, 6.00, 9.15)
ശ്രീകുമാർ (2331222) :: വെളിപാടിന്റെപുസ്തകം (M - 11.15, 2.30, 6.15, 9.30)
ശ്രീവിശാഖ് (2331222) :: **ADAM JOAN** (M - 11.00, 2.30, 6.00, 9.30)
ശ്രീപത്മനാഭ (2473999) :: ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.15, 2.30, 6.00, 9.30)
ദേവപ്രിയ (2473999) :: **SUNDAY HOLIDAYS** (M - 11.15, 2.30, 9.30) **LECHMI** (M - 6.00)
അജന്ത (2472825) :: **THUPPARIVAALAN** (T - 11.15, 2.15, 6.15, 9.15)
കൃപ (2471655) :: ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 10.00, 1.00, 4.00, 6.45, 9.30)
സെൻട്രൽ (2462865) :: രാത്രി നേരത്ത് (T-4 shows)
കൈരളി (2332747) :: **IT** (E - 11.30, 2.30, 6.30, 9.30)
ശ്രീ (2332747) :: പുള്ളിക്കാരൻ സ്റ്റാറാ (M - 11.15, 2.30, 6.15, 9.30)
നിള (2332747) :: വർണ്യത്തിൽ ആശങ്ക (M - 11.30) മണ്ണാകട്ടയും കരിയിലയും (M - 2.30) തൊണ്ടിമുതലും ദൃക്സാക്ഷിയും (M - 6.30, 9.30)
ധന്യ (2476773) :: **IT** (E - 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: **ANNA BELLE** (E - 11.15, 2.30) വിവേകം (T - 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) :: ■ Audi 1 - **IT** (E - 11.30, 3.00) വെളിപാടിന്റെപുസ്തകം (M - 6.45, 10.15)
■ Audi 2 - **DADDY** (H - 11.00, 5.00) വിവേകം (T - 2.00) **ONE HEART** (E - 8.00) **IT** (E - 10.15)
■ Audi 3 - **POSTER BOYS** (H - 11.00, 4.15) **SUBHMANGAL SAVDHAN** (H - 1.45) **SUNDAY HOLIDAYS** (M - 7.00) തൊണ്ടിമുതലും ദൃക്സാക്ഷിയും (M - 10.00)
■ Audi 4 - വെളിപാടിന്റെപുസ്തകം (M - 11.15, 2.45) പുള്ളിക്കാരൻ സ്റ്റാറാ (M - 6.45, 10.15)
■ Audi 5 - ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.30, 3.00, 6.45, 10.15)
■ Audi 6 - **ADAM JOAN** (M - 11.15, 3.00, 6.30, 10.15)
കലാഭവൻ (2322314) :: പുള്ളിക്കാരൻ സ്റ്റാറാ (M - 11.15, 2.30, 6.15, 9.30)
കഴക്കൂട്ടം കൃഷ്ണ (2418144) :: ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.15, 2.30, 6.15, 9.30)
വെട്ടുറോഡ് ഹരിശ്രീ (0471 2755666) :: **ADAM JOAN** (M - 11.00, 2.30, 6.15, 9.30)
കിനിംകുളം ജി ട്രാക്സ് (2757771) :: ■ screen 1 വെളിപാടിന്റെപുസ്തകം (M - 11.15, 2.30, 6.15, 9.30)
■ screen 2 പുള്ളിക്കാരൻ സ്റ്റാറാ (M - 11.30, 2.30, 6.30, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ നംഗ (2629973) :: **DJ** (M - 11.15, 2.15) **E** (M - 6.15, 9.30)
ആറ്റിങ്ങൽ യമുന (2629973):: വർണ്യത്തിൽ ആശങ്ക (M - 11.15) **BOBBY** (M - 2.15, 6.15, 9.30)
ആറ്റിങ്ങൽ കാവേരി (9287218284) :: **VIP 2** (T- 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ വൈശാഖ് (2622244) :: പുള്ളിക്കാരൻ സ്റ്റാറാ (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: **ADAM JOAN** (M - 11.00, 2.45, 6.30, 9.45)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: No show
വർക്കല എസ്.ആർ (0470 2602339) :: No show
വർക്കല വിമല (2605700) :: ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.00, 3.00, 6.30, 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: വെളിപാടിന്റെ പുസ്തകം (M - 11.15, 2.30, 6.15. 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302):: ജോമോന്റെ സുവിശേഷങ്ങൾ (M - 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: **ADAM JOAN** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: **VIKRAM VEDHA** (T- 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: വെളിപാടിന്റെപുസ്തകം (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: പുള്ളിക്കാരൻ സ്റ്റാറാ (M - 11.00, 2.30, 6.15, 9.30)
പാറശ്ശാല പന്നാലുംമൂട് ഐ.എം.പി :: **ADAM JOAN** (M - 11.00, 2.30, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: തൊണ്ടിമുതലും ദൃക്സാക്ഷിയും (M - 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174):: ■ Audi 1 - വെളിപാടിന്റെ പുസ്തകം (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള ശ്രീസരസ്വതി (0471-2200073, 09747188040) :: ■ Audi 2 - ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 11.00, 2.30, 6.15 , 9.30)
■ Audi 3 - പുള്ളിക്കാരൻ സ്റ്റാറാ (M - 11.00, 2.30, 6.15, 9.30)
■ Audi 4 - **PURIYATHA PUTHIR** (T - 11.00, 2.30, 6.15, 9.30)
■ Audi 5 - പുള്ളിക്കാരൻ സ്റ്റാറാ (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള തമിൻസ് മാക്സ് :: പുലിമുരുകൻ (M - 2.30, 6.15) അച്ഛം എമ്പത് മടമയ്യെട (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: **DJ** (M - 2.30, 6.30, 9.30)
പോത്തൻകോട് എം.ടി (2419515) :: No show
പോത്തൻകോട് എച്ച്.കെ സിനിമാസ് (9447060600) :: വെളിപാടിന്റെ പുസ്തകം (M - 11.00, 2.30, 6.15, 9.30)
വെഞ്ഞാറമൂട് സിന്ധു (9746159088) :: No show
കാട്ടാക്കട ജയവിനായക (2290867):: ■ screen 1 - **VELAIILLA PATTADHARI 2** (T- 11.00, 2.30, 6.15, 9.30)
■ screen 2 - **DJ** (M - 11.00, 2.30, 6.15, 9.30)
നെയ്യാറ്റിൻകര ശുഭ :: തൊണ്ടിമുതലും ദൃക്സാക്ഷിയും (M - 2.30, 6.30, 9.30)
കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: No show
കിളിമാനൂർ എസ്.എൻ :: തൊണ്ടിമുതലും ദൃക്സാക്ഷിയും (M - 10.30, 2.30, 6.15, 9.00)
പന്തളം പൂട് യമുനലക്ഷ്മി :: കെട്ടു (T -11.30, 2.30, 6.30, 9.30)
പേയാട് എസ്.പി സിനിമ (0471-2289053) :: ഞങ്ങളുകളുടെ നാട്ടിൽ ഒരിടവേള (M - 9.30am, 11.30pm) വെളിപാടിന്റെ പുസ്തകം (M - 11.45am, 2.30pm, 6.00pm, 8.45pm)
കല്ലറ ARS (9526906021) :: ബാഹുബലി 2 (M - 2.30, 6.30)

ഇന്ന്

മസ്കറ്റ്ഹോട്ടൽ: വിദേശകാര്യ മന്ത്രാലയവും സംസ്ഥാന സർക്കാരും ചേർന്ന് സംഘടിപ